# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3333** **22/08/2017 -ലെ മറുപടി**

## അണക്കെട്ട് സുരക്ഷാ ബില്ലിന്റെ കരട്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ)കേന്ദ്ര സർക്കാർ പുറത്തിറക്കിയ അണക്കെട്ട് സുരക്ഷ ബില്ലിന്റെ കരട് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) & ബി) | കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2016 ലെ ഡാം സുരക്ഷാ ബില്ലിന്റെ കരട് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന പരിശോധിച്ചിട്ടുണ്ട്. **കേരള സർക്കാർ പാസാക്കിയ 2003 ലെ കേരള ഇറിഗേഷൻ ആൻറ് വാട്ടർ കൺസർവേഷൻ ആക്ടിലും 2006-ലെ ഭേദഗതി ആക്ടിലും കേരളത്തിലെ ഡാമുകളുടെ സുരക്ഷിതത്വം, സംരക്ഷണം,അറ്റകുറ്റപണികൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രകാരം കേരളത്തിലെ ഡാമുകളുടെ നിലനിൽപ്പിനെ കുറിച്ച് പഠിക്കുവാനും അറ്റകുറ്റപ്പണികളെക്കുറിച്ച് പരിശോധന നടത്തി ഉപദേശം നൽകുന്നതിനും കേരള ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.** |
| (ബി)എങ്കിൽ ഇതു സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ; കേന്ദ്ര പ്രതികരണം എന്തെന്ന് വെളിപ്പെടുത്തുമോ? | | **കേരള ഡാം സേഫ്റ്റി അതോറിറ്റി യുടെ** |

പ്രവർത്തനങ്ങളും കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന അണക്കെട്ട് സുരക്ഷാ ബില്ല് പ്രകാരം രൂപീകൃതമാകേണ്ട സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ പ്രവർത്തനങ്ങളും ഒരേ സ്വഭാവത്തിലായതിനാൽ **2016** -ലെ ഡാം സുരക്ഷാ ബില്ലിൽ നിർദ്ദേശിച്ച പോലുള്ള ഒരു കേന്ദ്ര നിയമം സംസ്ഥാനത്തിന്റെ അധികാരങ്ങളിലേയ്ക്കുള്ള കൈകടത്തലായതിനാൽ പ്രസ്തുത കേന്ദ്ര നിയമത്തിന്റെ ആവശ്യമില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.ഈ നിലപാട് **23.6.2017** ലെ **11582/ISWC1/14/**ജവിവ.നം കത്ത് പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനെ അറിയിക്കുകയും പ്രസ്തുത നിയമം നടപ്പാക്കുകയാണെങ്കിൽ സംസ്ഥാന താല്പര്യം സംരക്ഷിച്ചുകൊണ്ട് പ്രസ്തുത ആക്ടിൽ വരുത്തേണ്ട ഭേദഗതികളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ